(ബി) വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ ;

(സി) പാമോലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയത് സി & എ.ജി. ആയിരുന്നുവോ ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനം എന്തായിരുന്നു ;

(ഡി) കേസ് പിൻവലിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ ; അത് അനുവദിക്കപ്പെടുകയുണ്ടായോ ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് കേസ് വിചാരണ നടക്കുന്നുണ്ട്.

(ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉന്നയിച്ച തടസ്സവാദങ്ങൾ കോടതി അംഗീകരിച്ചിട്ടില്ല. കീഴ്ക്കോടതി ഉത്തരവ് റദ്ദാക്കിയിട്ടില്ല.

(സി) അല്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിലാണ് നഷ്ടം ഉണ്ടായതായി കണ്ടെത്തിയത്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമോലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശിപാർശ ചെയ്തിരുന്നു.

(ഡി) ഹർജി നൽകുകയുണ്ടായെങ്കിലും അനുവദിക്കപ്പെട്ടില്ല. കീഴ്ക്കോടതിയുടെ ഉത്തരവിൽ അപാകതകൾ ഉണ്ടായിരുന്നതുകൊണ്ടാണ് റിവ്യൂ ഹർജി ഫയൽ ചെയ്തത്.

തട്ടിപ്പുകേസുകൾ

165 (1870) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് മണി ചെയിനുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓൺലൈൻ വഴിയുള്ള തട്ടിപ്പ് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) വിസ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) ഇവ ഓരോന്നുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ തട്ടിപ്പ് നടന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ കേസ്സുകളിലും എത്ര പേർ പ്രതികളായിട്ടുണ്ടെന്നും അവരിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1220 കേസ്സുകൾ

(ബി) 86 കേസ്സുകൾ

(സി) 850 കേസ്സുകൾ

(ഡി) മണി ചെയിനുമായി ബന്ധപ്പെട്ട് 1121523225 രൂപയുടെയും, ഓൺലൈൻ വഴിയുള്ള തട്ടിപ്പുമായി ബന്ധപ്പെട്ട് 159554368 രൂപയുടെയും വിസ തട്ടിപ്പുമായി ബന്ധപ്പെട്ട് 281422058 രൂപയുടെയും തട്ടിപ്പ് നടന്നിട്ടുണ്ട്.

(ഇ) മണി ചെയിനുമായി ബന്ധപ്പെട്ട കേസ്സിൽ 1180 പേർ പ്രതികളായിട്ടുണ്ട്, അവരിൽ 644 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. ഓൺലൈൻ വഴിയുള്ള തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ 137 പേർ പ്രതികളായിട്ടുണ്ട്, അവരിൽ 79 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്. വിസ തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സിൽ 1148 പേർ പ്രതികളായിട്ടുണ്ട്. അവരിൽ 447 പേരെ ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

പുളിക്കാട് പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

166 (1871) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളിക്കാട് പഴയ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കേണ്ടതുണ്ട് എന്നകാര്യം ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly